I/87430/2023

ഭരണഭാഷമാതൃഭാഷ

No: TCPTVM/339/2023-C

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്
ജില്ലാ നഗരാസൂത്രണ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm1@gmail.com
tptvm.lsgdplng@kerala.gov.in

തീയതി: **28-02-2023**

ടൗൺപ്ലാനർ
തിരുവനന്തപുരം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ,

സർ,

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം -തിരുവ നന്തപുരം - **കെട്ടിട നിർമ്മാണം - കൺക റൻസ്** -അപേക്ഷ സംബന്ധിച്ച്.

സൂചന :
1. താങ്കളുടെ 30/01/2023 ലെ VTZ/A2/229/23 നമ്പർ കത്ത്.
2. Smt.Shimina.S.N 15.02.2023-ൽ സമർപ്പിച്ച അപേക്ഷ.

തിരുവനന്തപുരം നഗരസഭയിൽ പേരൂർക്കട വില്ലേജിൽ സർവ്വേ നമ്പർ 329/19-ൽ ഉൾപ്പെട്ട 01.85 ആർ വസ്തുവിൽ PMAY ഭവനപദ്ധതി പ്രകാരം 58.76 sq.m വിസ്തീർ ണ്ണമുള്ള ഒറ്റനില ഏകകുടുംബ വാസഗൃഹത്തിന്റെ നിർമ്മാണ അനുമതിക്കായി സൂചന പ്രകാരം ലഭിച്ച അപേക്ഷകളിൻമേൽ, 8/08/2022 തീയതിയിലെ സ.ഉ.(കൈ) നമ്പർ 179/2022/LSGD പ്രകാരം ഇടക്കാല വികസന ഉത്തരവിലെ നിർദിഷ്ട ഭൂവിനിയോഗ മാപ്പിലെ പബ്ലിക് &അർദ്ധ പബ്ലിക് ഉപയോഗ മേഖലയിൽ തെറ്റായി ഉൾപെട്ട സ്വകാര്യ ഭൂമിയിൽ 300 ച.മീറ്റർ വരെയുള്ള വാസഗൃഹ നിർമ്മാണത്തിന്, വസ്തുവിന്റെ ഉടമസ്ഥത നഗരസഭാ സെക്രട്ടറി ഉറപ്പു വരുത്തിക്കൊണ്ട്, ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ നിർമ്മാണ അനുമതി നൽകാവുന്നതാണ് എന്ന സർക്കാർ തീരുമാനത്തിന് വിധേയമായി താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി KMBR- 2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും വിധേയമായി ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം നൽകുന്നു.

1. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ 2019 (കെ.എം.ബി.ആർ-2019), ചട്ടം 5 (6) (1) (c) പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമാണം കെ.എം.ബി.ആർ-2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തിയിരിക്കണം.
2. 08/08/2022 തീയതിയിലെ സ.ഉ.(കൈ) നമ്പർ 179/2022/LSGD പ്രകാരം ഇടക്കാല വികസന ഉത്തരവിലെ നിർദിഷ്ട ഭൂവിനിയോഗ മാപ്പിലെ പബ്ലിക് &അർദ്ധ പബ്ലിക് ഉപയോഗ മേഖലയിൽ തെറ്റായി ഉൾപെട്ട സ്വകാര്യ ഭൂമിയിൽ ആണ് പ്രസ്തുത നിർമാണം വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വസ്തുവിന്റെ ഉടമസ്ഥത നഗരസഭാ സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തി മാത്രമേ നിർമാണ അനുമതി നൽകാവൂ.
3. നിർദിഷ്ട വസ്തുവിന്റെ അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, വസ്തു നിലം, പുറമ്പോക്ക് എന്നിവയിൽ ഉൾപ്പെടുന്നില്ലെന്നും പ്രസ്തുത സ്ഥലത്തു മറ്റു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നുമില്ലെന്നും ഉറപ്പു വരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതുമാണ്.
4. കെ.എം.ബി.ആർ.2019 ചട്ടം 26(8) പ്രകാരം ഉറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം

I/87430/2023

മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.

5. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
6. നിർമാണം കെ.എം.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
7. നിർദിഷ്ട നിർമ്മാണം, വാസഗൃഹത്തിനു മാത്രമാകുന്നു . കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിലോ വിനിയോഗഗണത്തിലോ മാറ്റം വരുത്താൻ പാടില്ല.
8. മറ്റു എജൻസികളിൽ നിന്ന് നിരാക്ഷേപപത്രം / അനുമതികൾ ആവശ്യമെങ്കിൽ ആയതു നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
9. ഈ കൺകറൻസ് അനുമതി നിർമാണം ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. ഈ അനുമതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി കെട്ടിട നിർമാണ അനുമതി KMBR-2019 പ്രകാരം സെക്രട്ടറി നൽകിയതിന് ശേഷമേ നിർമാണം ആരംഭിക്കാവൂ.

വിശ്വസ്തതയോടെ

Signed by
Rajesh T N
Date: 28-02-2023 16:39:02

RAJESH T N
TOWN PLANNER

ഉള്ളടക്കം:- **അംഗീകരിച്ച പ്ലാൻ (1സെറ്റ്)**

പകർപ്പ്:അപേക്ഷകൻ,(അറിവിലേയ്ക്കായി)

Smt.Shimina.S.N,
Shiraz Manzil, Mukkola Musjid,
Nettayam P.O.